**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം. T 1528**

**21.01.2014 - ൽ മറുപടിക്ക്**

## സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. തിലോത്തമൻ | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പ എഴുതിത്തള്ളുന്നതിനോ, വായ്പയുടെ പലിശ ഒഴിവാക്കുന്നതിനോ ബാങ്കുകൾക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ ; ഇതു സംബന്ധിച്ച വിശദവിവരം നൽകുമോ ; | (എ) അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എൻട്രൻസ് ടെസ്റ്റ്/ മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നേടിയവർക്കാണ് ഇന്ത്യൻ ബാങ്കേഴ്സ് അസോസിയേഷൻ ഗൈഡ്ലൈൻസ് പ്രകാരം വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിനുളള അർഹത. ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കിൽ നിന്നും ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് അനുവദനീയമായ കോഴ്സുകൾ പഠിക്കുന്നതിന് വായ്പ എടുത്തവർക്കാണ് കേരള സർക്കാർ, ബി.പി.എൽ. വിഭാഗക്കാർക്ക്/ 3 ലക്ഷം രൂപ വരെ വാർഷിക കുടുംബ |

( -----2)

വരുമാനമുള്ളവർക്ക് പലിശ സബ്സിഡി അനുവദിച്ചത്. 2004-2009 കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പ എടുത്തവരും, ലോൺ അക്കൗണ്ട് ക്ലോസ് ചെയ്യാതെ തൊഴിൽ രഹിതരായി തുടരുന്നവർക്കും മാത്രമാണ് പലിശയിളവിന് അർഹത. പ്രസ്തുത വ്യവസ്ഥകളെല്ലാം പാലിച്ചിട്ടുണ്ടെങ്കിൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ചവർക്കും വിദ്യാഭ്യാസ വായ്പയുടെ പലിശ സബ്സിഡി ലഭിക്കുന്നതാണ്.

എന്നാൽ വിദ്യാഭ്യാസ വായ്പ എഴുതിത്തള്ളുന്നതിനുള്ള സ്കീമുകൾ ഒന്നും ഇപ്പോൾ നിലവിലില്ല.

| | |
|---|---|
| (ബി) സഹകരണ ബാങ്കുകൾ പ്രസ്തുത ആവശ്യങ്ങൾക്കു നൽകിയ വായ്പകൾക്കും ഇത്തരത്തിൽ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളുടെ നിർവ്വചനത്തിൽ ഉൾപ്പെടുന്ന സംസ്ഥാന സഹകരണ ബാങ്കുകളിൽ നിന്നും ഇന്ത്യൻ ബാങ്ക്സ് അസോസിയേഷൻ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം വിദ്യാഭ്യാസ വായ്പ എടുത്ത തൊഴിൽ രഹിതർക്ക് പലിശ സബ്സിഡി അനുവദിക്കുന്നുണ്ട്. സംസ്ഥാന സഹകരണ ബാങ്കുകൾ ഒഴികെയുള്ള സഹകരണ മേഖലയിലുള്ള മറ്റ് ബാങ്കുകളിൽ നിന്നും എടുത്ത വിദ്യാഭ്യാസ വായ്പയ്ക്ക് പലിശ സബ്സിഡി ഇപ്പോൾ അനുവദനീയമല്ല. ഇതു സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. |

(------3)

(സി) ബാങ്ക് വായ്പ എടുത്തിട്ടും തിരിച്ചടവ് പൂർത്തിയാക്കാത്ത സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ചിരുന്ന വിദ്യാർത്ഥികളിൽ ഏതു കാലം മുതലുള്ളവരുടെ വായ്പകൾക്കാണ് പലിശയിളവുകൾ അനുവദിച്ചിട്ടുള്ളതെന്നു പറയാമോ ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

(സി) അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എൻട്രൻസ് ടെസ്റ്റ്/ മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നേടിയവർക്കാണ് ഇന്ത്യൻ ബാങ്കേഴ്സ് അസോസിയേഷൻ ഗൈഡ്‌ലൈൻസ് പ്രകാരം വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിനുള്ള അർഹത. കേരള സർക്കാർ ബി.പി.എൽ. വിഭാഗക്കാർക്ക്/ 3 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ളവർക്ക്, വിദ്യാഭ്യാസ വായ്പയുടെ പലിശ സബ്സിഡി അനുവദിച്ചപ്പോൾ, ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കിൽ നിന്നും ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് അനുവദനീയമായ കോഴ്സുകൾ പഠിക്കുന്നതിന്, 2004-2009 കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പ എടുത്തവർക്കാണ് പലിശ സബ്സിഡി അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം 1 മുതൽ 3 വരെ ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**